# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3873 15.05.2017 ലെ മറുപടി

## ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുതുക്കി പണിയുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ:** | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുതുക്കി പണിയുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി)<br>ഉണ്ട്. പ്രസ്തുത പദ്ധതിക്ക് 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി 160 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ഈ പ്രവൃത്തി കാഞ്ഞങ്ങാട് - കാസർഗോഡ് കെ.എസ്.ടി.പി റോഡ് പ്രോജക്ടിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള കാലതാമസം മൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി അധികൃതർ അറിയിച്ചതിനെത്തുടർന്ന് പാലത്തിന്റെ അടിത്തട്ട് പരിശോധിച്ചപ്പോൾ പുതിയ പാലത്തിന്റെ തൂണുകൾ റഗുലേറ്ററിന്റെ ഏപ്രണിൽക്കൂടിയാണ് നിർമ്മിച്ചിട്ടുള്ളതെന്നും അതുമൂലം ഏപ്രണ് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് എന്നും മനസ്സിലാക്കാൻ സാധിച്ചു ആയതിനാൽ നിലവിലുള്ള റഗുലേറ്ററിന്റെ പുനരുദ്ധാരണം സാദ്ധ്യമല്ല. ഇപ്പോൾ 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് കിഫ്ബിയുടെ ധന സഹായത്തോടെ നിലവിലുള്ള റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി പുതുക്കിയ നിരക്കിൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**